Jagratha - 060

Vol-2, Issue:26
11-08-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

*01. സിസ്റ്റേഴ്സിനെ നിർവീര്യമാക്കാനുള്ള ശ്രമം നടക്കുന്നു: ബസേലിയോസ് മാർ ക്ലീമിസ്*

*02. എഴുപതിനായിരം ബൈബിളുകൾ കേരളസഭ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു :ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം*

*03.കുപ്രചരണങ്ങൾ അവസാനിപ്പിക്കണം : കോട്ടയം അതിരൂപത*

*04. കടാശ്വാസം ഇൻഫാം കോടതിയിലേക്ക് : ഇൻഫാം ന്യൂസ്*

*05. ദൈവദാസൻ തിയോഫിനച്ചൻ യുവജനങ്ങൾക്ക് മാതൃക : ബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ*

*06. വയനാട്ടിലെ കാർഷിക പ്രതിസന്ധിയിൽ സഭയുടെ ഇടപെടൽ : കെ.എസ്സ്.എസ്സ്.എഫ്.*

## 01. സിസ്റ്റേഴ്സിനെ നിർവീര്യമാക്കാനുള്ള ശ്രമം നടക്കുന്നു:

**ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ**

സർപ്പങ്ങളെപ്പോലെ വിവേകത്തോടും പ്രാവുകളെപ്പോലെ നിഷ്കളങ്കതയോടുംകൂടെ പ്രാർത്ഥനയിൽ ശക്തി സംഭരിച്ച് ജീവനെതിരായ തിന്മകൾക്കെതിരേ അണിനിരക്കാൻ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ സിസ്റ്റേഴ്സിനെ ആഹ്വാനം ചെയ്തു. കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അഖില കേരള പ്രോ-ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ നൂറിലധികം വരുന്ന വിവിധ സന്യാസിനി സമൂഹങ്ങളുടെ ജനറലേറ്റ് തലത്തിലുള്ള നേതാക്കളുടെ സമ്മേളനം എറണാകുളം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ- ആരോഗ്യരംഗങ്ങളിൽ കത്തോലിക്കാ സഭയുടെ ശക്തികേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത് സിസ്റ്റേഴ്സാണെന്ന തിരിച്ചറിവാണ് ഇടതുപക്ഷയാത്രികരായ വനിതാ കമ്മീഷൻ അംഗങ്ങൾ സന്യസ്തരെ നിർവീര്യമാക്കാനുള്ള ശ്രമവുമായി മുന്നോട്ട് വന്നിരിക്കുന്നതെന്ന് കാതോലിക്കാ ബാവ പ്രസ്താവിച്ചു.

സർക്കാരിന്റെ ജനനനിയന്ത്രണനയം ഏറ്റവും നന്നായി നടപ്പാക്കിയത് ക്രിസ്ത്യാനികളാണെന്നും തത്ഫലമായി അവരുടെ പ്രാതിനിധ്യം എങ്ങും ഇല്ലാതാകുകയാണെന്നും ക്ലീമിസ് തിരുമേനി തുടർന്നു പറഞ്ഞു. ജാതിമതഭേദമന്യേ ഏറ്റവും ബലഹീനമായ ജീവന് ശുശ്രൂഷ ചെയ്ത മദർ തെരേസായെക്കുറിച്ച് ഒരുവാക്കുപോലും പറയാത്ത പാഠപുസ്തകം, ഭാവാത്മക നന്മകളല്ല നാളെയുടെ പിഞ്ചുമനസ്സുകളിൽ പകർന്നു കൊടുക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സന്യാസം ഒഴുക്കിനെതിരെ നന്മയ്ക്കും ജീവന്റെ മൂല്യങ്ങൾക്കും വേണ്ടിയുള്ള നീക്കമാണ്. ജീവൻ ആക്രമിക്കപ്പെടുന്നിടത്ത് സ്വരമുയർത്താൻ സിസ്റ്റേഴ്സ് മുന്നോട്ട് വരമമെന്ന് യോഗത്തിൽ അധ്യക്ഷം വഹിച്ച മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അഭ്യർത്ഥിച്ചു. നാടെങ്ങും മാരകബോംബുകൾ വർഷിക്കപ്പെടുന്ന ഇന്ന് സന്യസ്തരിലൂടെ സ്നേഹസംസ്ക്കാരം വളർത്തണമെന്ന് അനുഗ്രഹപ്രഭാഷണം നടത്തിയ ബിഷപ് വർഗ്ഗീസ് ചക്കാലക്കൽ പ്രസ്താവിച്ചു.

കേരളത്തിലെ മൂവായിരത്തോളം മഠങ്ങളിൽ അരലക്ഷത്തോളം സിസ്റ്റേഴ്സ് പങ്കുചേരുന്നതും 150 ദിവസം നീണ്ടുനിൽക്കുന്നതുമായ അഖണ്ഡ പ്രാർത്ഥനായജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം പി.ഒ.സിയിൽ നടന്നു. മനുഷ്യജീവനെ കൊല്ലുന്ന ഗർഭച്ഛിദ്രനിയമം പൂർണ്ണമായി റദ്ദു ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. കുഞ്ഞുങ്ങളെ സംരക്ഷിക്കാനും വളർത്താനും തങ്ങൾ മുന്നോട്ട് വരുമെന്ന് സിസ്റ്റേഴ്സ് പറഞ്ഞു.

മേത്ത ദമ്പതിമാർ കുഞ്ഞിനെ ഞങ്ങളെ ഏൽപ്പിച്ചാൽ വളർത്തിക്കൊള്ളാമെന്ന് സി.എസ്.എൻ കോൺഗ്രിഗേഷൻ പറഞ്ഞു. വിവരം ഇന്നലെതന്നെ ബോംബെ ആർച്ച് ബിഷപ്പിനെ അറിയിക്കുകയുണ്ടായി. ദയാവധം, ആത്മഹത്യ, ഗർഭച്ഛിദ്രം എന്നിവയുടെ കാര്യത്തിൽ അയഞ്ഞ മനോഭാവമുണ്ടാകുന്നത് മനുഷ്യത്വത്തിന് അപകടകരമാണെന്നും അതിനെതിരെ ഉണർന്നുപ്രവർത്തിക്കാൻ തയ്യാറാണെന്നും സിസ്റ്റേഴ്സ് പ്രതിജ്ഞയെടുത്തു.

യോഗത്തിൽ ഫാ. സ്റ്റീഫൻ ആലത്തറ, അഖിലകേരള പ്രോ- ലൈഫ് ഭാരവാഹികളായ ഫാ. ജോസ് കോട്ടയിൽ, എബ്രാഹം പുത്തൻകളം, സി. അൻസീല എഫ്.സി.സി, സി. സൗമ്യ, സാബു ജോസ്, സി.എൽ.ജോർജ്ജ്, ജേക്കബ് പള്ളിവാതുക്കൽ എന്നിവരും പ്രസംഗിച്ചു.

## 02. എഴുപതിനായിരം ബൈബിളുകൾ കേരളസഭ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു: ബൈബിൾ കമ്മീഷൻ

കേരള കാത്തലിക്ക് ബിഷപ്പ്സ് കൗൺസിൽ എഴുപതിനായിരം ബൈബിളുകൾ കേരളസഭയിൽ കുറഞ്ഞ വിലയക്ക് വിതരണം ചെയ്യുന്നു. ജൂൺ 11-12 തീയതികളിൽ പാലാരിവട്ടം പി.ഒ.സി.യിൽ ചേർന്ന കെ.സി.ബി.സി യോഗത്തിലാണ് മെത്രാൻ സമിതി ഇപ്രകാരം തീരുമാനിച്ചത്. ദൈവവചനവർഷാചരണത്തിന്റെ ഭാഗമായി ഇനിയും ബൈബിൾ വാങ്ങാൻ സാധിക്കാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് എഴുപതിനായിരം ബൈബിളുകൾ 50 രൂപയ്ക്ക് നല്കാനാണ് തീരുമാനമെന്ന് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം അറിയിച്ചു. വചനവർഷത്തിൽ കേരളത്തിലെ എല്ലാ ക്രിസ്തീയഭവനങ്ങളിലും സമ്പൂർണ്ണ ബൈബിളിന്റെ ഒരു കോപ്പി ഉണ്ടെന്നു നാം ഉറപ്പു വരുത്തണം. ബൈബിളില്ലാത്ത ഒരു ഭവനവും കേരളത്തിൽ ഉണ്ടായിരിക്കരുത് ജൂൺ 22 -ന് ആചരിക്കുന്ന 2008 - ലെ ബൈബിൾ ഞായറിനോടനുബന്ധിച്ച് പുറപ്പെടുവിച്ച ഒരു സർക്കുലറിൽ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ്പ് സൂസപാക്യം നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സാമ്പത്തിക സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. കേരളത്തിലെ 29 രൂപതകളിലെയും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് കേന്ദ്രങ്ങൾ വഴിയാണ് ഈ ബൈബിളുകൾ വിതരണം ചെയ്യുക. ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം പദ്ധതി വിശദീകരിച്ചു. സാമ്പത്തിക കാരണംകൊണ്ട് ബൈബിൾ വാങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് ബൈബിൾ വില കുറച്ച് നൽകുവാനായി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഉദാരമതികളുടെ സഹായസഹകരണത്തോടെ **ഓരോ ഭവനത്തിനും ഒരു ബൈബിൾ** എന്ന പദ്ധതി തുടങ്ങുകയാണെന്ന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സെക്രട്ടറി ഡോ. സൈറസ് വേലംപറമ്പിൽ അറിയിച്ചു. ബൈബിൾ സൊസൈറ്റിയുടെ പദ്ധതിയുടെ വിജയം ദൈവജനത്തിന്റെ സഹകരണത്തിലാണ്. ഈ പദ്ധതിയിലേക്ക് അഭ്യുദയകാംക്ഷികളിൽനിന്നും ഉദാരപൂർവമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. കേരളത്തിലെ 29 രൂപതകൾക്കുമായി 70000 ബൈബിൾ വിതരണം ചെയ്യുന്നതിന് ബൈബിൾ ഒന്നിന് 50 രൂപ നിരക്കിൽ നൽകുമ്പോൾതന്നെ ആകെ 18 ലക്ഷം രൂപ ബൈബിൾ സൊസൈറ്റി കണ്ടെത്തേണ്ടതുണ്ട്. ഈ പദ്ധതിയിലേക്ക് താത്പര്യവും കഴിവുമുള്ള വ്യക്തികളിൽ നിന്നും ഇടവകകളിൽനിന്നും സന്യാസഭവനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും ഉദാരപൂർവ്വകമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. പ്രാർത്ഥനയും സഹകരണവും സംഭാവനകളും നൽകി ഈ സംരഭത്തെ വിജയിപ്പിക്കണമെന്ന് ബൈബിൾ സൊസൈറ്റി ചെയർമാൻകൂടിയായ ആർച്ച്ബിഷപ്പ് സൂസൈപാക്യം അഭ്യർത്ഥിച്ചു. നിങ്ങളുടെ സംഭാവനകൾ -സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം 682025'- എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്.

## 03. കുപ്രചരണങ്ങൾ അവസാനിപ്പിക്കണം : കോട്ടയം അതിരൂപത

അഭയ കേസുമായി ബന്ധപ്പെട്ട് ചില ദൃശ്യ-അച്ചടി മാധ്യമങ്ങൾ വൈദികരെയും കന്യാസ്ത്രീകളെയും അപമാനിക്കുന്ന തരത്തിൽ നടത്തുന്ന മാധ്യമ വിചാരണയും കുപ്രചരണങ്ങളും അവസാനിപ്പിക്കണമെന്ന് കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി ആവശ്യപ്പെട്ടു. സി.ബി.ഐയുടെ മൂന്ന് മുൻ അന്വേഷണ സംഘങ്ങളും നിരപരാധികളാണെന്നു കണ്ടെത്തുകയും, ഇപ്പോഴത്തെ അന്വേഷണ സംഘം അപരിഷ്കൃതമായ നാർക്കോ അനാലിസിസ് ഉൾപ്പെടെയുള്ള വിവിധ ചോദ്യം ചെയ്യലുകൾക്കു വിധേയമാക്കിയശേഷം ഇവരെ അറസ്റ്റു ചെയ്യുന്നതിനു തക്കതായ തെളിവുകളില്ലെന്നു ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. സത്യം ഇതായിരിക്കെ, സന്യസ്തരെ ജനമധ്യത്തിൽ അവഹേളിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിൽ നിന്നു പിന്തിരിയാൻ മാധ്യങ്ങൾ ഇനിയെങ്കിലും തയാറാകണം.

പത്രങ്ങളിൽ ഫോട്ടോ പ്രസിദ്ധീകരിച്ചും ദൃശ്യമാധ്യമങ്ങളിൽ ഫോട്ടോ ക്ലിപ്പുകൾ കാണിച്ചും വ്യക്തിഹത്യ നടത്തുന്നവർ, മാധ്യമധർമം കാറ്റിൽ പറത്തുകയും മനുഷ്യാവകാശം ലംഘിക്കുകയുമാണ് ചെയ്യുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിനെപ്പറ്റി എസ്.എം.എസ്. റേറ്റിംഗ് എടുക്കുന്ന ദൃശ്യമാധ്യമങ്ങൾ സെൻസേഷണലിസത്തിന്റെ തരംതാണ മാർഗമാണ് സ്വീകരിക്കുന്നത്. വ്യക്തി സ്വാതന്ത്ര്യത്തിനു മേൽ ചില മാധ്യമങ്ങൾ നടത്തുന്ന കടന്നുകയറ്റം നീതിബോധമുള്ള ജനങ്ങൾ തിരിച്ചറിയുമെന്ന് ജാഗ്രതാ സമിതി ഓർമിപ്പിച്ചു.

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന നിയമസംഹിത അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിരിക്കുന്നു രാജ്യത്ത്, തെളിവുകളില്ലെങ്കിലും യഥാർഥ പ്രതികൾ രക്ഷപ്പെട്ടാലും കുഴപ്പമില്ല സന്യസ്തരെ ഈ കേസിൽ പ്രതികളാക്കിയാൽ മതി എന്ന നിലപാട് ചിലർ പുലർത്തുന്നതു ഖേദകരമാണെന്നും ജാഗ്രതാ സമിതി സെക്രട്ടി സാബു കുര്യൻ പറഞ്ഞു.

## 04. കടാശ്വാസം : ഇൻഫാം കോടതിയിലേക്ക് – ഇൻഫാം ന്യൂസ്

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാർഷിക കടാശ്വാസപദ്ധതിയിൽ നിന്നു പുറത്തായ കർഷകർക്കുവേണ്ടി കോടതിയെ സമീപിക്കാൻ തൃശൂരിൽ ചേർന്ന ഇൻഫാം കേന്ദ്രസമിതിയോഗം തീരുമാനിച്ചു. പാർലമെന്റ് പാസാക്കിയ നിയമത്തിനു വിരുദ്ധമായി നോഡൽ ഏജൻസികളായ റിസർവ് ബാങ്കും നബാർഡും ചേർന്ന് തയാറാക്കിയ വ്യവസ്ഥകളാണ് ആയിരക്കണക്കിന് കർഷകരെ കടാശ്വാസത്തിനു പുറത്താക്കിയത്. കടം അടച്ചു തീർത്തവർക്കും പുതുക്കിയവർക്കും കടാശ്വാസം ലഭ്യമാക്കണമെന്ന് ഇൻഫാം ആവശ്യപ്പെടുന്നു.സംസ്ഥാന സർക്കാരിന്റെ ശതശതമാനം കേരളീയം പരിപാടി പ്രകാരം വായ്പ തിരിച്ചടയ്ക്കാൻ നിർബന്ധിതരായ മുഴുവൻ കർഷകർക്കും കടാശ്വാസം നല്കണമെന്നും കാർഷിക കടാശ്വാസകമ്മീഷന് കേരള അസംബ്ലി അനുവദിച്ച മുഴുവൻ തുകയും കമ്മീഷന് കൈമാറി കർഷകർക്ക് ലഭ്യമാക്കണമെന്നും യോഗം അഭ്യർഥിച്ചു.കേന്ദ്രസമിതിയോഗത്തിൽ വൈസ് ചെയർമാൻ മൊയ്തീൻ ഹാജി അധ്യക്ഷത വഹിച്ചു. ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. സമിതി അംഗങ്ങളായ എം.സി. ജോർജ്, ജോയി തെങ്ങുംകുടി (എറണാകുളം), മാത്യു മലേപറമ്പിൽ (ഇടുക്കി), ജയിംസ് കോട്ടൂർ (കോഴിക്കോട്), സ്ക്കറിയ നെല്ലംകുഴി (കണ്ണൂർ), എം. സുരേന്ദ്രൻ (വയനാട്), ജോസഫ് കൂലിപുരയ്ക്കൽ, മോഹൻദാസ് (മലപ്പുറം), തോമസ് ടി. തയ്യിൽ (കാസർഗോഡ്), കെ.എസ്. മാത്യു (കോട്ടയം), ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ, ഫാ. ജോർജ് പൊട്ടയ്ക്കൽ, അഡ്വ. മൈക്കിൾ എന്നിവർ പ്രസംഗിച്ചു. ജനറൽസെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ സ്വാഗതവും ബോബി പെരുമാലിൽ നന്ദിയും പറഞ്ഞു.

### 05. ദൈവദാസൻ തിയോഫിനച്ചൻ യുവജനങ്ങൾക്ക് മാതൃക : ബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ

ദൈവദാസൻ തിയോഫിനച്ചൻ യുവജനങ്ങൾക്ക് മാതൃകയും സ്നേഹത്തിന്റെ പ്രവാചകനും ആണെന്ന് കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. കെ. സി.വൈ.എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ദൈവദാസൻ തിയോഫിനച്ചന്റെ നാമധേയത്വത്തിലുള്ള മനുഷ്യസ്നേഹി ഫൗണ്ടേഷന്റെ പ്രഥമ മനുഷ്യ സ്നേഹി അവാർഡ് വിതരണം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പതിനായിരത്തൊന്ന് രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡിനർഹനായത് ദിവ്യരക്ഷക ചാരിറ്റബിൾ സൊസൈറ്റിയും മദർ ആൻഡ് ചൈൽഡ് ഫൗണ്ടേഷനും നടത്തുന്ന തൊടുപുഴ സ്വദേശിയായ ടോമി മാത്യുവാണ്.

സംസ്ഥാന പ്രസിഡന്റ് എജി പറപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അവാർഡ് ദാന സമ്മേളനം അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ ആമുഖപ്രഭാഷണവും ഫാ. ജോസഫ് പഴമ്പാശ്ശേരി അനുസ്മരണ പ്രഭാഷണവും നടത്തി. സംസ്ഥാന ജന. സെക്രട്ടറി സോണി പവേലിൽ, കോട്ടപ്പുറം രൂപതാ പ്രസിഡന്റ് ലോറൻസ് പി. എഫ്, രൂപതാ ഡയറക്ടർ ഫാ. ജോയി കല്ലറയ്ക്കൽ, ജെയിംസ് തീയാടി എന്നിവർ സംസാരിച്ചു. അവാർഡ് ദാനചടങ്ങിന് മുന്നോടിയായി ദൈവദാസൻ തിയോഫിനച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന പൊന്നുരുന്നി ആശ്രമത്തിൽ നിന്നും കോട്ടപ്പുറത്തേയ്ക്ക് ദീപശിഖ പ്രയാണം നടത്തി. കോട്ടപ്പുറം കത്തീഡ്രൽ ദേവാലയത്തിൽ ദീപശിഖ പ്രയാണത്തിന് ഉജ്ജ്വല സ്വീകരണം നടത്തി. സംസ്ഥാന ഭാരവാഹികളായ റാണി സെബാസ്റ്റ്യൻ, ബിജു മാത്യു, സിമി എബ്രഹാം, തോമസ് മത്തായി, സി. ജീൻ മേരി, ആൻസൺ, മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### 06. വയനാട്ടിലെ കാർഷിക പ്രതിസന്ധിയിൽ സഭയുടെ ഇടപെടൽ : കെ.എസ്സ്.എസ്സ്.എഫ്

വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിക്ക് ഭാരത കത്തോലിക്കാ സഭ നൽകുന്ന പ്രത്യുത്തരമാണ് ‘SAVE FAMERS CAMPAING’ പദ്ധതി. വിളനാശവും വിലയിടിവും കാലാവസ്ഥമാറ്റവും കടക്കെണിയും അനുബന്ധമായുണ്ടായ ജീവിതശൈലിമാറ്റവും ധാർമിക മൂല്യച്യുതിയും മൂലം വയനാട് ജില്ലയിൽ രണ്ടായിരാമാണ്ടിനുശേഷം 1641 മനുഷ്യർ ആത്മഹത്യ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ കേരളാ സോഷ്യൽ സർവീസ് ഫോറം വയനാടിലുള്ള എട്ട് സന്നദ്ധസംഘടനകളുമായി സഹകരിച്ച് സേവ് ഫാർമേഴ്സ് കാമ്പയ്ൻ എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 25 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിനും ആത്മഹത്യ നടന്ന കുടുംബങ്ങളിലെ അംഗങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പഠനങ്ങളും നടക്കുന്നു. മനശാസ്ത്രപരമായ ഇടപെടലുകൾ ലക്ഷ്യം വച്ചുകൊണ്ട് സ്വാന്തന സൗഹൃദ (Befriending) കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ആത്മഹത്യ നടന്നതും പ്രതിസന്ധിയിൽ കഴിയുന്നതുമായ 450 കുടുംബങ്ങളുടെ സുസ്ഥിരതയ്ക്കു വേണ്ടി, പതിനായിരം രൂപ വീതം സഹായധനം നൽകിക്കൊണ്ട്, വരുമാന വർദ്ധന പദ്ധതികൾ ആരംഭിക്കുന്നു.

ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും നൽകിയിരിക്കുന്നു. പ്രസ്തുത കുടുംബങ്ങൾക്കുള്ള സഹായ വിതരണത്തിന്റെ ഉദ്ഘാടനം കൽപ്പറ്റയിൽ നടന്ന കർഷക സമ്മേളനത്തിൽ വച്ച് സംസ്ഥാന പൊതു മരാമത്ത് വകുപ്പ് മന്ത്രി മോൻസ് ജോസഫ് നിർവ്വഹിച്ചു. കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗ്ഗീസ് മറ്റമനയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ശ്രേയാംസ്കുമാർ MLA, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി തുടങ്ങിയവർ പങ്കെടുത്തു.

മാനന്തവാടി, ബത്തേരി, കോഴിക്കോട്, കോട്ടയം രൂപതകളുടെ സാമൂഹ്യ പ്രവർത്തന കേന്ദ്രങ്ങളും മറ്റ് നാലു സന്നദ്ധസംഘടനകളുമാണ് സേവ് ഫാർമേഴ്സ് കാമ്പയിന്റെ പ്രവർത്തന പങ്കാളികൾ. വയനാടിന്റെ ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് പ്രകൃതി സൗഹൃദ വികസന ഇടപെടലുകളും ഭക്ഷ്യസുരക്ഷയ്ക്കായി ജൈവകൃഷി പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു.